## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3734 — 15-12-2014-ൽ മറുപടിയ്ക്ക്

### കള്ള് വ്യവസായ രംഗത്തെ നവീകരണം

**ചോദ്യം:**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. കെ. ദാസൻ
ശ്രീ.എം. ചന്ദ്രൻ
ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കള്ള് വ്യവസായത്തിന്റെ നവീകരണത്തിനും വികസനത്തിനും സർക്കാർ പരിഗണിക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | പരമ്പരാഗത തൊഴിലധിഷ്ഠിതമായ വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തേയും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും, കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമെ വില്പന നടത്തുന്നുള്ളു എന്നും ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കള്ള് വ്യവസായ മേഖലയിലെ നവീകരണത്തിനും വകസനത്തിനുമായി ധാരാളം പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 2015-16 വർഷത്തെ അബ്കാരി നയരൂപീകരണ വേളയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി കൂടിയാലോചിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. |
| (ബി) | കള്ള്ചെത്ത് വ്യവസായരംഗത്തെ തൊഴിലാളി സംയുക്ത സമരസമിതി ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ടോ; ആവശ്യങ്ങളോടുള്ള സർക്കാർ നിലപാട് വിശദമാക്കാമോ; | (ബി) | ഉണ്ട്. കള്ള്ചെത്ത് മേഖലയിലെ അംഗീകൃത ട്രേഡ് യൂണിയനുകളുടെ ആവശ്യം പരിഗണിച്ച് ലൈസൻസിങ്ങ് സമ്പ്രദായത്തിലൂടെ കള്ള്ഷാപ്പുകളുടെ വില്പന മൂന്ന് വർഷത്തേയ്ക്ക് ആക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ താലൂക്കിലെ കള്ള്ഷാപ്പുകളിലെ തൊഴിലാളികളുടേയും, കൊടുങ്ങല്ലൂർ റേയ്ഞ്ചിലെ കള്ളുഷാപ്പുകളിലെ തൊഴിലാളികളുടേയും തൊഴിൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ടി കള്ള്ഷാപ്പുകൾ റെയ്ഞ്ച് അടിസ്ഥാനത്തിൽ വില്പന നടത്തുവാൻ തീരുമാനിച്ചു. |

| | | | |
|---|---|---|---|
| | | | കള്ളുഷാപ്പുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതെ കിടക്കുന്ന പ്രദേശങ്ങളിലെ കള്ള്ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി നീര ഉല്പാദനത്തിന് സർക്കാർ അനുമതി നൽകി. കൂടാതെ, തൊഴിലാളികൾ നിരന്തരമായി ആവശ്യപ്പെട്ടിരുന്നതനുസരിച്ച് കള്ള്ചെത്ത് മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കാണുന്നതിനു വേണ്ടി റെയ്ഞ്ച്തലം മുതൽ സംസ്ഥാന തലം വരെ സ്ഥിരം ഉപദേശക സമിതികൾക്ക് രൂപം നൽകി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ടോഡി ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | പരിഗണനയിലില്ല. |
| (ഡി) | തൊഴിലാളികളുടെ ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം നൽകിയിട്ടുണ്ടോ ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ